MB ; 15/02/'19

# 'പുനർനവ' കാർഷികമേള നാളെ മുതൽ

കാസർകോട്▸ കാർഷികവികസന കർഷകക്ഷേമ വകുപ്പ്, ആത്മ കാസർകോട്, ഐ.സി.എ.ആർ.-കെ.വി.കെ., സി.പി.സി.ആർ.ഐ. എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'പുനർനവ' കാർഷികമേള ശനിയാഴ്ച ആരംഭിക്കും. 16 മുതൽ 19 വരെ കാസർകോട് സി.പി.സി.ആർ.ഐ.യിലാണ് പരിപാടി.

കാർഷികമേളയുടെ ഉദ്ഘാടനം 16-ന് രാവിലെ 10.30ന് റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ നിർവഹിക്കും. പി.കരുണാകരൻ എം.പി. കാർഷിക പ്രദർശനവും കെ.കുഞ്ഞിരാമൻ എം.എൽ.എ. സെമിനാറും ഉദ്ഘാടനം ചെയ്യും.

പരിപാടിയുടെ ഭാഗമായി 60 സ്റ്റാളുകളിൽ കാർഷിക പ്രദർശനവും വില്പനയുമുണ്ടാകും. 16-ന് 12 മുതൽ മൂന്നുവരെ കാർഷിക പ്രശ്നോത്തരി, മൂന്നിന് നെല്ല്, പച്ചക്കറി വിളകളിലെ കീടനിവാരണത്തെപ്പറ്റി സെമിനാർ.

17-ന് രാവിലെ 10-നും 11-നും ഉച്ചയ്ക്ക് രണ്ടിനും 18-ന് രാവിലെ 10-നും 12 മണിക്കും രണ്ടുമണിക്കും വിവിധ വിഷയങ്ങളിൽ സെമിനാർ നടത്തും. 3.30ന് കാർഷിക ശാസ്ത്രജ്ഞരുമായി അഭിമുഖം.

19-ന് രാവിലെ 10നും 12നും സെമിനാർ, തുടർന്ന് രണ്ടുമുതൽ അവലോകനം. സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. പത്രസമ്മേളനത്തിൽ ഡോ. മനോജ് കുമാർ, ഡോ. കെ.മുരളീധരൻ, ലവ്ലി അഗസ്റ്റിയൻ എന്നിവർ സംസാരിച്ചു.